LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ-ഡി) ഉണ്ട്. പ്രസ്തുത കോഴ്സ് ആരംഭിക്കാൻ എ.ഐ.സി.ടി.ഇ. യുടെ അംഗീകാരത്തിനായി അപേക്ഷിക്കുകയും, 2010-11 വർഷം മുതൽ പുതുതായി ഇലക്ട്രിക്കൽ ആന്റ് ഇലക്ട്രോണിക്സ് എഞ്ചിനീയറിംഗ് ഡിപ്ലോമാ കോഴ്സ് പാലക്കാട് ഗവൺമെന്റ് പോളിടെക്നിക് കോളേജിൽ ആരംഭിക്കാൻ അനുമതി ലഭിക്കുകയും ചെയ്തിട്ടുണ്ട്. തസ്തിക സൃഷ്ടിക്കുന്നതുൾപ്പെടെയുള്ള സമ്പത്തിക ബാദ്ധ്യത പരിശോധിച്ചുവരുന്നു.

**ഐ.സി.ടി. അധിഷ്ഠിത വിദ്യാഭ്യാസത്തിനായി സംസ്ഥാനത്തെ പൊതു വിദ്യാഭ്യാസ മേഖലയിൽ സർക്കാർ നടപ്പിലാക്കുന്ന പദ്ധതികൾ**

90 (2096) ശ്രീ. കെ. പി. മോഹനൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും സാംസ്കാരികകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഐ.സി.ടി അധിഷ്ഠിത വിദ്യാഭ്യാസത്തിനായി സംസ്ഥാനത്തെ പൊതു വിദ്യാഭ്യാസ മേഖലയിൽ സർക്കാർ നടപ്പിലാക്കുന്ന പദ്ധതികൾ വിശദീകരിക്കുമോ ;

(ബി) 'ഒരു നിയമസഭ' നിയോജകമണ്ഡലത്തിൽ ഒരു മാതൃകാ ഐ.റ്റി. സ്കൂൾ പദ്ധതിയുടെ വിശദാംശം വെളിപ്പെടുത്തുമോ ; പ്രസ്തുത പദ്ധതിപ്രകാരം കണ്ണൂർ റവന്യൂ ജില്ലയിലെ മാതൃകാ ഐ.റ്റി. സ്കൂളുകൾ ഏതൊക്കെയാണെന്ന് വിശദീകരിക്കുമോ ; പ്രസ്തുത സ്കൂളിൽ എന്തൊക്കെ പദ്ധതികളാണ് നടപ്പിലാക്കുന്നതെന്ന് വിശദീകരിക്കുമോ ;

(സി) സംസ്ഥാനത്ത് നടപ്പിലാക്കുന്ന സ്മാർട്ട് സ്കൂൾ പദ്ധതിയുടെ വിശദാംശം വെളിപ്പെടുത്തുമോ ; പ്രസ്തുത പദ്ധതി പ്രകാരം കണ്ണൂർ റവന്യൂ ജില്ലയിൽ, ഏതൊക്കെ സ്കൂളുകളിലാണ് പദ്ധതി നടപ്പിലാക്കുന്നത് ;

(ഡി) ഐ.റ്റി. അറ്റ് സ്കൂൾ പദ്ധതി പ്രകാരം അദ്ധ്യാപകർക്ക് ലാപ്ടോപ്പുകളും "നോട്ട്ബുക്കും" നൽകുന്നതിന്റെ മാനദണ്ഡം എന്തൊക്കെയാണ് ; ഏതൊക്കെ ക്ലാസ്സുകളിൽ പഠിപ്പിക്കുന്ന അദ്ധ്യാപകർക്കാണ് പ്രസ്തുത പദ്ധതി പ്രകാരം സൗജന്യം അനുവദിക്കുന്നതെന്ന് വെളിപ്പെടുത്തുമോ ;

(ഇ) അപേക്ഷിക്കുന്ന മുഴുവൻ അദ്ധ്യാപകർക്കും പ്രസ്തുത പദ്ധതി പ്രകാരം സൗജന്യ നിരക്കിൽ ലാപ്ടോപ്പും 'നോട്ട്ബുക്കും' നൽകുമോ?

ഉത്തരം

(എ) സ്കൂളുകളിൽ എല്ലാ വിഷയങ്ങളും കമ്പ്യൂട്ടർ സഹായത്തോടെ പഠിപ്പിക്കുന്നതിനാണ് ഐ.സി.റ്റി. അധിഷ്ഠിത വിദ്യാഭ്യാസ പദ്ധതി ആവിഷ്ക്കരിച്ചിരിക്കുന്നത്. ഇതിനായി 3953 ഇടങ്ങളിൽ ബ്രോഡ്ബാന്റ് ഇന്റർനെറ്റ് സൗകര്യം ലഭ്യമാക്കിക്കഴിഞ്ഞു. മറ്റ് ഐ.സി.റ്റി. അനുബന്ധ ഉപകരണങ്ങളുടെ ആവശ്യകത സ്കൂളുകളിൽ നിന്ന് ശേഖരിച്ച് സ്കൂളുകൾക്ക്

ഉപകരണങ്ങളും സൗകര്യവും ലഭ്യമാക്കുന്നുമുണ്ട്. ക്ലാസ്മുറികളിൽ ഐ.സി.ടി. പഠനം നടത്താൻ സർക്കാർ സ്കൂളുകൾക്ക് ക്ലാസ്മുറികൾ വൈദ്യുതീകരിക്കുന്നതിനും സൗകര്യം നൽകിയിട്ടുണ്ട്. സംസ്ഥാനത്തെ ഹൈസ്കൂളുകളിൽ ഐ.സി.ടി. അധിഷ്ഠിത വിദ്യാഭ്യാസം ശരിയായ രീതിയിൽ നടത്തുന്നതിന്റെ ഭാഗമായി എട്ടാംക്ലാസിലെ ഐ.സി.ടി. പാഠപുസ്തകം ഐ.റ്റി. അധിഷ്ഠിതമാക്കിയിട്ടുണ്ട്. ഹയർ സെക്കണ്ടറി/വൊക്കേഷണൽ ഹയർ സെക്കണ്ടറി ക്ലാസുകളിലെ പഠനം ഐ.സി.ടി. അധിഷ്ഠിതമാക്കുന്നതിന് പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ട്. അപ്പർ പ്രൈമറി ക്ലാസ്സുകളിൽ ഐ.സി.ടി. അധിഷ്ഠിത പഠനപ്രവർത്തനങ്ങൾക്കായി പ്രത്യേക പഠനസഹായിയും പഠന വിഭവ സീഡിയും ലഭ്യമാക്കിയിട്ടുണ്ട്. 9-ാം ക്ലാസിലെ പഠനബോധന പ്രക്രിയ ശരിയായ അർത്ഥത്തിൽ ഐ.സി.ടി. അധിഷ്ഠിതമാക്കുന്നതിനും ഹയർ സെക്കണ്ടറി മേഖലയിലെ പ്രവർത്തനങ്ങൾ ഐ.ടി. അധിഷ്ഠിതമാക്കുന്നതിനും ക്രമീകരണങ്ങൾ നടന്നുവരുന്നു. എല്ലാ ഹൈസ്കൂൾ/ ഹയർസെക്കണ്ടറി/ വൊക്കേഷണൽ ഹയർ സെക്കണ്ടറി സ്കൂളുകൾക്കും വിദ്യാഭ്യാസ, ഓഫീസുകൾക്കും വെബ്സൈറ്റ്, സ്കൂളുകളിലെ പ്രവർത്തനങ്ങൾ ക്രമീകരിക്കുന്നതിനും ഏകോപിപ്പിക്കുന്നതിനും 'സ്കൂൾ മാനേജ്മെന്റ് സിസ്റ്റം' സോഫ്റ്റ് വെയർ പ്രാവർത്തികമാക്കൽ തുടങ്ങിയവയും ഇപ്പോൾ നടന്നുകൊണ്ടിരിക്കുന്നു.

(ബി) ഒരു നിയമസഭാ മണ്ഡലത്തിൽ ഒരു സ്കൂൾ എന്ന കണക്കിൽ 140 സ്കൂളുകളെ സ്മാർട്ട് സ്കൂളുകളാക്കിയിട്ടുണ്ട്. ഈ സ്കൂളുകളിൽ ഹൈസ്കൂൾ ക്ലാസ് മുറികളെ സ്മാർട്ട് ക്ലാസ് മുറികളാക്കുന്നതിനാവശ്യമായ സൗകര്യങ്ങൾ, ലാപ്ടോപ്പ്, പ്രോജക്ടർ, പ്രോജക്ടർ സ്ക്രീൻ തുടങ്ങിയവ ഈ സ്കൂളുകൾക്ക് നൽകിയിട്ടുണ്ട്.

കണ്ണൂർ ജില്ലയിലെ മാതൃകാ ഐ.ടി. സ്കൂളുകൾ

ഗവ. എച്ച്.എസ്., ശ്രീകണ്ഠപുരം

ഗവ. എച്ച്.എസ്., കുഞ്ഞിമംഗലം

ഐ.എം.എൻ.എസ്. ഗവ. എച്ച്.എസ്. മയ്യിൽ

ഗവ. ഗേൾസ് വി.എച്ച്.എസ്.എസ്., ചെറുകുന്ന്

ഗവ. എച്ച്.എസ്., പുഴാതി

എ. കെ. ജി. എസ്.ഗവ. എച്ച്.എസ്.എസ്., പെരളശ്ശേരി

ഗവ. ബ്രണ്ണൻ എച്ച്.എസ്.എസ്., തലശ്ശേരി

ഗവ. എച്ച്.എസ്.എസ്., പാട്യം

ഗവ. എച്ച്.എസ്.എസ്., കൂത്തുപറമ്പ്

(സി) സംസ്ഥാനത്തെ അഞ്ച് സ്കൂളുകളെ സ്മാർട്ട് സ്കൂൾ പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. സ്കൂളുകളിൽ ആവശ്യമായ ഭൗതിക സാഹചര്യങ്ങൾ

LIBRARY ARCHIVES Kerala Legislative Assembly

ഒരുക്കുന്നതിനായി ഒരു വർഷം ഏകദേശം 25 ലക്ഷം രൂപയുടെ സാമ്പത്തിക സഹായമാണ് പ്രസ്തുത സ്കൂളുകൾക്ക് നൽകുന്നത്. കണ്ണൂർ ജില്ലയിലെ സ്കൂളുകളൊന്നും ഈ പദ്ധതിയിൽ ഉൾപ്പെട്ടിട്ടില്ല.

(ഡി) സംസ്ഥാനത്തെ ഗവൺമെന്റ് എയ്ഡഡ് മേഖലയിലെ സ്കൂളുകളിൽ പഠിപ്പിക്കുന്ന അദ്ധ്യാപകരായിരിക്കണം ഐ.ടി. പരിശീലനം നേടിയതും ഐ.ടി. ഉപയോഗിച്ചു പഠിപ്പിക്കുന്നയാളുമാണ് എന്ന് പ്രഥമാദ്ധ്യാപകൻ സാക്ഷ്യപ്പെടുത്തണം. ഇത്തരത്തിൽ വാങ്ങുന്ന ലാപ്ടോപ്പ്/നോട്ട്ബുക്ക് മറ്റാർക്കെങ്കിലും വിൽക്കാനോ കൈമാറ്റം ചെയ്യാനോ പാടില്ല.

(ഇ) ഒരു ജില്ലയിൽ 4000 പേർക്ക് എന്ന കണക്കിൽ സംസ്ഥാനത്ത് പരമാവധി 50,000 അദ്ധ്യാപകർക്ക് ആദ്യം വരുന്നവർക്ക് മുൻഗണന നൽകും എന്ന നിബന്ധനയ്ക്ക് വിധേയമായി സൗജന്യ നിരക്കിൽ ലാപ്ടോപ്പും നോട്ട്ബുക്കും നൽകും.

## അമ്പലപ്പുഴ ഗവൺമെന്റ് കോളേജിന്റെ കെട്ടിടം

91 (2098) ശ്രീ. എ. എ. ഷുക്കൂർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും സാംസ്കാരികകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) അമ്പലപ്പുഴ ഗവൺമെന്റ് കോളേജ് ഇപ്പോൾ ഏതു കെട്ടിടത്തിലാണ് പ്രവർത്തിക്കുന്നതെന്ന് വ്യക്തമാക്കുമോ ;

(ബി) ഈ കോളേജിന് നിലവിൽ സ്വന്തമായി സ്ഥലമോ കെട്ടിടമോ ഉണ്ടോയെന്ന് വിശദീകരിക്കുമോ ;

(സി) ഇപ്പോൾ കോളേജ് വാടകകെട്ടിടത്തിലാണോ അതോ മറ്റു സർക്കാർ സ്ഥാപനത്തിന്റെ കെട്ടിടത്തിലാണോ പ്രവർത്തിക്കുന്നതെന്ന് വിശദീകരിക്കുമോ ;

(ഡി) സർക്കാർ കോളേജുകൾക്ക് സ്വന്തമായി സ്ഥലവും കെട്ടിടവും അത്യന്താപേക്ഷിതമല്ലേ ; എങ്കിൽ കോളേജിനുവേണ്ടി സ്വന്തമായി സ്ഥലവും കെട്ടിടവും വാങ്ങാൻ നടപടി സ്വീകരിക്കുമോ എന്ന് വ്യക്തമാക്കുമോ ?

### ഉത്തരം

(എ) അമ്പലപ്പുഴ ഗവൺമെന്റ് കോളേജ് ഇപ്പോൾ പ്രവർത്തിച്ചു വരുന്നത് അമ്പലപ്പുഴയിലെ കെ. കെ. കുഞ്ചുപിള്ള മെമ്മോറിയൽ ഹയർ സെക്കന്ററി സ്കൂൾ വക കെട്ടിടത്തിലാണ്.

(ബി) നിലവിൽ കോളേജിന് സ്വന്തമായി സ്ഥലമോ കെട്ടിടമോ ഇല്ല.

(സി) അമ്പലപ്പുഴയിലെ കെ. കെ. കുഞ്ചുപിള്ള മെമ്മോറിയൽ ഹയർസെക്കന്ററി സ്കൂൾ വക കെട്ടിടത്തിലാണ്.



LIBRARY ARCHIVES Kerala Legislative Assembly